കാലം കഴിയാറായ് കഷ്ടത തീരാറായ് 2
ദേവാധിദേവനും വേഗം വന്നിടാറായ്

യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂമി കുലുക്കങ്ങൾ 2
എല്ലാമതിൻ ലക്ഷണം
ഇല്ലിനി നാളുകൾ കാത്തിരിപ്പിൻ കാലം 2
തീർന്നങ്ങു നാമും പറന്നീടാറായ്

കാലം .................2

ഈ ലോകയാത്രയിൽ ക്ഷീണിതരായ് നമ്മൾ 2
വീണു തളർന്നീടാതെ
ആ നല്ല നാളിനായ് ദീപം തെളിച്ചോരായ് 2
ഓരോ നിമിഷവും കാത്തിരിക്കാം

കാലം .................2

കാഹളധ്വനിയും ദൂതന്റെ ശബ്ദവും 2
ഗംഭീരനാദവുമായ്
വന്നീടുമെ കർത്തൻ ആകാശമദ്ധ്യത്തിൽ 2
സ്വന്തജനത്തേയും ചേർത്തീടുവാൻ

കാലം .................2